ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് 1998 ഒക്ടോബർ മാസത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നുവോ;

(ബി) അന്ന് ഏതെല്ലാം ജില്ലകളിൽ എത്ര ശതമാനം തെങ്ങുകൾക്ക് ഈ രോഗം പിടിപെട്ടിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) അന്ന് സഹായധനമായി എന്തു തുക നൽകണമെന്നാണ് ആവശ്യപ്പെട്ടത് എന്ന് വെളിപ്പെടുത്താമോ;

(ഡി) അതിനുശേഷം സംസ്ഥാനത്ത് മണ്ഡരിരോഗം വ്യാപകമാകുകയുണ്ടായോ;

(ഇ) എങ്കിൽ ഈ വിവരം കാണിച്ചുകൊണ്ട് കൂടുതൽ സഹായം നൽകണമെന്ന് കേന്ദ്രത്തിനോട് അഭ്യർത്ഥിച്ചുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഭ്യർത്ഥിച്ചിരുന്നു.

(ബി) തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പാലക്കാട് ജില്ലകളിലെ 49608 ഹെക്ടർ സ്ഥലത്തുള്ള തെങ്ങുകൾക്ക് മണ്ഡരി ബാധിച്ചിരുന്നു.

(സി) അന്നത്തെ കണക്കുകളനുസരിച്ച് 641 ലക്ഷം രൂപ സഹായമായി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 100 കോടി രൂപയും സഹായധനവും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) അടുത്ത വേനൽക്കാലമായതോടെ കൂടുതൽ ജില്ലകളിലേക്ക് വ്യാപിച്ചു.

(ഇ) അഭ്യർത്ഥിച്ചിരുന്നു. 1999 ഒക്ടോബർ, നവംബർ മാസങ്ങളിലാണ് കൂടുതൽ ധനസഹായം ആവശ്യപ്പെട്ടത്. കേന്ദ്ര കൃഷിമന്ത്രിയെ സംസ്ഥാന കൃഷി വകുപ്പുമന്ത്രി സന്ദർശിച്ച് ഈ ആവശ്യം വീണ്ടും ഉന്നയിക്കുകയും ചെയ്തു.

(എഫ്) ബാധകമല്ല.

**91 (380) റബ്ബർ, നാളികേരം എന്നിവയുടെ വില**

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന കാർഷിക വിളകളായ റബ്ബർ, നാളികേരം തുടങ്ങിയവയ്ക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉല്പാദനച്ചെലവുമായി പൊരുത്തപ്പെടുന്ന ന്യായമായ വില ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലയിടിവിനോടൊപ്പം തന്നെ തെങ്ങിനെ ബാധിച്ചിരുന്ന മണ്ഡരിരോഗം ഉല്പാദനരംഗത്ത് ഉണ്ടാക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങൾക്കെല്ലാം തറവില നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) റബ്ബറിന് ന്യായമായ വില ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാളികേര ഉല്പാദന ചെലവിനെക്കുറിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കൊപ്രയ്ക്ക് ഉയർന്ന താങ്ങുവില നിശ്ചയിക്കണമെന്ന് കേന്ദ്ര കാർഷിക വില നിർണ്ണയക്കമ്മീഷനോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഉല്പാദന ചെലവുമായി ബന്ധപ്പെട്ട് താങ്ങുവില പ്രഖ്യാപിക്കണമെന്നും എസ്.ടി.സി. മുഖേന മുപ്പതിനായിരം ടൺ റബ്ബർ ഉടനടി ശേഖരിക്കണമെന്നും റോഡ് റബ്ബറൈസ് ചെയ്യുക, വ്യവസായങ്ങളാരംഭിക്കുക എന്നിവയ്ക്ക് സഹായം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ചരിത്രത്തിലാദ്യമായി റബ്ബർ കയറ്റുമതി ചെയ്യാനാരംഭിച്ചിട്ടുണ്ട്. റബ്കോയ്ക്ക് ഇതിലുണ്ടാകുന്ന നഷ്ടം ഗവൺമെന്റ് വഹിക്കുന്നതാണ്.

(സി) മണ്ഡരി രോഗബാധ തടയുന്നതിനായി സംസ്ഥാനത്ത് കൃഷി വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ തെങ്ങുകളിൽ മരുന്നുതളി നടത്തിവരുന്നു. ഇതിനായി പതിനെട്ടുകോടി രൂപ കൃഷിവകുപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പും ധനസഹായം നൽകും. അധികച്ചെലവു നേരിടുവാൻ 10 കോടി രൂപകൂടി മന്ത്രിസഭ അനുവദിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന്റെ ധന സഹായം ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ജൈവ നിയന്ത്രണമാർഗ്ഗങ്ങൾ വികസിപ്പിക്കുവാനുള്ള ശ്രമവും നടന്നുവരുന്നു.

(ഡി) കാർഷികോൽപ്പന്നങ്ങൾക്ക് തറവില, താങ്ങുവില തുടങ്ങിയവ നിശ്ചയിക്കുന്നത് കേന്ദ്ര കാർഷിക വില നിർണ്ണയക്കമ്മീഷന്റെ സഹായത്തോടെ കേന്ദ്രസർക്കാരാണ്. കേരളത്തിലെ കാർഷികോല്പന്നങ്ങളിൽ കൊപ്രായ്ക്കും നെല്ലിനും, കേന്ദ്ര സർക്കാർ വർഷാവർഷങ്ങളിൽ താങ്ങുവില നിശ്ചയിക്കാറുണ്ട്. റബ്ബറിന് കേന്ദ്ര സർക്കാർ ബഞ്ചുമാർക്കു വില നിശ്ചയിച്ചിട്ടുണ്ട്.

**92 (381) നെൽപ്പാടങ്ങൾ തരിശിടുന്നത് തടയാൻ**

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :

ശ്രീ എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങൾ തരിശിടുന്ന പ്രവണത തടയുന്നതിനും പാടങ്ങൾ മുഴുവൻ നെൽക്കൃഷി ചെയ്യുന്നതിനും ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly